പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2086 **26-10-2026-ൽ മറുപടിയ്ക്ക്**

ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പുകൾ 2025 ഒക്ടോബറിൽ മിഷൻ 2031 എന്ന പേരിൽ സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിൽ ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേക്ക് എന്ന വിഷയത്തിലെ ചർച്ചയിൽ നിന്നും ഉയർന്ന വന്ന പുതിയ പദ്ധതികളും ആശയങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; ഈ പദ്ധതികളിൽ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ വ്യക്തമാക്കാമോ?

മറുപടി: തിരുവനന്തപുരത്ത് 2025 ഒക്ടോബർ 10-ന് നടന്ന "വിഷൻ 2031" സംസ്ഥാനതല സെമിനാറിൽ "ഭക്ഷ്യഭദ്രതയിൽ നിന്നും പോഷകഭദ്രതയിലേക്ക്" എന്ന വിഷയത്തിന്മേൽ വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ മേഖലയുടെ വികസനത്തിനായുള്ള ചുവടെ പറയുന്ന നയപരമായ നിർദ്ദേശങ്ങളും പദ്ധതികളും ആശയങ്ങളും കൈക്കൊള്ളുകയുണ്ടായി.

- **പോഷകസമൃദ്ധമായ ഭക്ഷണലഭ്യത ഉറപ്പാക്കൽ:** വിവിധ പ്രായവിഭാഗങ്ങളുടെയും സാമൂഹിക വിഭാഗങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ച് പാൽ, മുട്ട, പയർവർഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തി പൊതുവിതരണ സംവിധാനം വിപുലീകരിക്കുക. റേഷൻ കടകൾ വഴി നവധാന്യങ്ങളും ഇരുമ്പ് സമ്പുഷ്ടമാക്കിയ ഉപ്പും ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക.
- **പോഷകാഹാരക്കുറവ് പരിഹരിക്കൽ:** ആദിവാസി വിഭാഗങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ പോഷക ആവശ്യങ്ങൾക്കായി ഭക്ഷണവൈവിധ്യവൽക്കരണ പദ്ധതികൾ ആവിഷ്കരിക്കുക.
- **വിശപ്പുരഹിത കേരളം പദ്ധതിയുടെ വിപുലീകരണം:** അർഹരായവർക്ക് ആവശ്യാനുസരണം പാകം ചെയ്ത ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക.
- **കമ്മ്യൂണിറ്റി കിച്ചണുകൾ പ്രോത്സാഹിപ്പിക്കൽ:** കുറഞ്ഞ ചെലവിൽ പോഷകസമൃദ്ധമായ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നതിന് കമ്മ്യൂണിറ്റി കിച്ചണുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- **റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റൽ:** റേഷൻ കടകളിലൂടെ ചെറുധാന്യങ്ങളും പയർവർഗങ്ങളും മറ്റ് പോഷകസമൃദ്ധമായ വസ്തുക്കളും വിതരണം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.
- **ശാസ്ത്രീയ സംഭരണ സംവിധാനം:** ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം നിലനിർത്താനും നഷ്ടം കുറയ്ക്കാനുമായി ആധുനിക ഗോഡൗണുകൾ വികസിപ്പിക്കുക. കൂടാതെ, പൊതുസ്വകാര്യ പങ്കാളിത്ത

(PPP) മാതൃകയിൽ ഗോഡൗണുകൾ നിർമിക്കുന്നതിനുള്ള നിർദേശങ്ങളും പരിഗണിക്കുക.

- **പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സംഭരണവും വിതരണവും ഗുണനിലവാര പരിശോധനയും കാര്യക്ഷമമാക്കുക.
- **വകുപ്പുതല ഏകോപിത പ്രവർത്തനം:** ഭക്ഷ്യ-പൊതുവിതരണ വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ-ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ ഏകോപനത്തോടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

സെമിനാറിൽ നിർദേശിക്കപ്പെട്ട പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയോ അവ നടപ്പാക്കുന്നതിനുള്ള സമയക്രമം നിശ്ചയിക്കുകയോ ചെയ്തിട്ടില്ലായെന്നതിനാൽ ആയതിന്റെ പ്രായോഗികതയും സാമ്പത്തിക ബാധ്യതയും പരിശോധിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ